Sri. R. K. Ram : When did this trouble take place?

ശ്രീ.ടി. കെ. നാരായണപിള്ള: എട്ടുമണിക്കോ ഒൻപതു മണിക്കോ ആരംഭിച്ചുയെന്നാണു് എനിക്കു അറിയാൻ സാധിച്ചതു്.

ശ്രീ.എം. ഐ. പാഠം: സർ, ഒരു പ്രായിൻറ ആഫ് ഓർഡർ. അടിയന്തിരപ്രമേയം അനുവദിക്കണമോ വേണ്ടയൊ എന്നുള്ളകാര്യം സ്പീക്കർ തീരുമാനിക്കുന്നതിനുമുമ്പായി അതു സംബന്ധിച്ചു ഈ സഭയിൽ ഒരു വാദപ്രതിവാദം നടത്തുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: വാദപ്രതിവാദം നടത്തുകയല്ലാ. അതു സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയാണു് ചെയ്യുന്നതു്. അങ്ങിനെ ചെയ്യാവുന്നതാണു്.

Sri. P.Balakrishnan Tampi: Is the Government aware that two honourable members of this House are prepared to go to the box and swear that there has not been regular service in this line?

ശ്രീ.ടി. കെ. നാരായണപിള്ള: രജിസ്റ്റേർഡ് കോടതിയിൽ ചെയ്യുണ്ടതാണു്

ശ്രീ.മന്നാർ ഗോപാലൻനായർ; എട്ടുമണിമുതൽ പതിനൊന്നുമണിവരെ ഇന്നു് പബ്ലിസിറ്റി സർവ്വീസു് ഇല്ലായിരുന്നുയെന്നു് പറഞ്ഞാൽ അതു വിശ്വസിക്കാമോ?

Sr. Speaker This is supplying information. The motion does not appear to be in order.

LEGISLATIVE BUSINESS

The Cochin Co-operative Land Mortgage Bank Act (Amendment) Bill

ശ്രീ. കെ. ഐ. വേലായുധൻ: കൊച്ചി കോ-ഓപ്പറേറ്റീവ് ലാൻറ് മോർട്ടേജ് ബാങ്ക് ആക്ട് (അമൻറുമെൻറ്) ബില്ലു് ബഹുമാനപ്പെട്ട ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ ഞാൻ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

ഇന്നു് തൃശ്ശൂർ കേന്ദ്രമായി പ്രവൃത്തിച്ചുപോരുന്ന ഭൂപണയ ബാങ്കിൻറെ വ്യാപകാധികാരം കുന്നത്തുനാടു്, പറവൂർ എന്നീ താലൂക്കുകളിൽകൂടി വ്യാപിപ്പിക്കണമെന്നുള്ളതാണു് ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ഈ രണ്ടു താലൂക്കുകളിൽകൂടി ബാങ്കിൻറെ പ്രവർത്തനം വ്യാപിപ്പിക്കുകയാണെങ്കിൽ ഇന്നുള്ള തൃശ്ശൂർ ഡിസ്ട്രിക്ടിലെങ്കിലും ഋണബാധിതരായ കൃഷിക്കാർക്കു് കുറച്ചെങ്കിലും മോചനംകിട്ടിയെന്നു സമാധാനിക്കാം. [illegible]-ാമാണ്ടിലാണു് ഇൻഡ്യാധനകാര്യമന്ത്രിയായിരുന്ന സർ. ആർ. കെ. ഷൺമുഖംചെട്ടി കൊച്ചിയിലെ ദിവാനായിരുന്നകാലത്തു് ആദ്യമായി ഈ ബാങ്കു് കൊച്ചിയിൽ സ്ഥാപിക്കപ്പെട്ടതു്. മദ്രാസിലും മൈസൂറിലും നിലവിലുള്ള ഭൂപണയബാങ്കിൻറെ മാതൃകയിലാണു് ഇവിടെയുള്ള ഇതിൻറെ പ്രവർത്തനം. രാജ്യത്തു വളർന്നുവരുന്ന ഗവർമ്മെണ്ടിൻറെയും പൊതുജനങ്ങളുടേയും സഹായവും പ്രോത്സാഹനവും സിദ്ധിച്ചുകൊണ്ടുവരുന്നതുമായ സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിലാണു് ഈ ബാങ്കു് പ്രവർത്തിച്ചുപോരുന്നതു് എന്നു് ബാങ്കു് ആക്ടിൻറെ പ്രിയാമ്പിളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. പ്രിയാമ്പിൾ ഇങ്ങനെ പറയുന്നു. "Whereas it is expedient to supplement the provisions of the Cochin Co-operative Societies Act, IV of 1088, in order to facilitate the working of a Co-operative Land Mortgage Bank in the State with a view to provide for the grant of long term Loans to owners of land or other immovable property in the state, to enable them to

LIBRARY ARCHIVES Kerala Legislative Assembly

Sri. K I Velayudhan

discharge their debts, to carry out agricultural improvements, to acquire land for the formation of economic holdings and other like purposes and thereby to promote thrift and self help among them".

ബാങ്കിന്റെ ഉദ്ദേശത്തേയും ആവശ്യത്തേയും സംബന്ധിച്ച് പ്രിയാമ്പിൾ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ബാങ്കിന്റെ ഉപനിയമം ന—ാം വകുപ്പിൽ വ്യക്തമായി ഇങ്ങനെ പറയുന്നു.

(എ) അതിലെ മെമ്പർമാരുടെ സാമ്പത്തിക ക്ഷേമങ്ങളെ വർദ്ധിപ്പിക്കുകയും, അതിലും പ്രത്യേകിച്ച് അതിലെ മെമ്പർമാർക്ക്.—

(ഫ) കൃഷിനിലങ്ങളിന്മേലുള്ള പണയബാദ്ധ്യതകൾ തീർക്കുന്നതിനും

(ഠ) കൃഷിനിലങ്ങളേയും കൃഷിചെയ്യുന്ന സംപ്രദായങ്ങളേയും പരിഷ്ക്കരിക്കുന്നതിനും

(ന) മറവുള്ള മുൻ കടങ്ങൾ വീട്ടുന്നതിനും

(ര) തന്റെ കൈവശമുള്ള ഭൂമിയെ പുഷ്ടികരിച്ച് അതിനെ അധികം ആദായകരമായവിധത്തിൽ കൃഷിചെയ്യുന്നതിന് കർഷകനു സാധിക്കത്തക്കവിധം പ്രത്യേക സംഗതികളിൽ ഭൂമി വിലയ്ക്കു വാങ്ങുന്നതിനുമായി പത്തുറപ്പിക ഷെയർ സംഖ്യയും നാലണ പ്രവേശനഫീസും കൊടുത്തു ബാങ്കിൽ അംഗമായി തീർന്നതിനു ശേഷമേടിയാനു കടംവാങ്ങുക ബാങ്കിലേക്ക് അപേക്ഷിക്കുവാൻ നിവൃത്തിയുള്ളൂ. ഒരു വ്യക്തിക്ക് ൪ ൦ ൦ രൂപായിൽ മീതെ ഓഹരി എടുക്കുവാൻ പാടുള്ളതല്ല. ൧ ൦ ൦ മുതൽ ൧ ൦, ൦൦ ൦ രൂപാവരെ ബാങ്കിൽനിന്നും കടം കൊടുക്കുന്നതാണ്. ബാങ്കിലേക്ക് ഈടായി കൊടുക്കുന്ന വസ്തുവകകൾ പരിശോധിക്കുന്നതിനും റിക്കാർട്ടുകൾ പരിശോധിക്കുന്നതിനും മറ്റുമായി താഴെ കാണിക്കുന്ന നിരക്കനുസരിച്ച് ഫീസ് കടംവാങ്ങുന്നവർ അടക്കേണ്ടതാകുന്നു.

൧ ൦ ൦ രൂപാ	മുതൽ	൨ ൪ ൦ രൂപാ	വരെ	൪
൨ ൪ ൦	"	൫ ൦ ൦	"	൧ ൦
൪ ൦ ൦	"	൧ ൦ ൦ ൦	"	൧ ൪
൧ ൦ ൦ ൦	"	൨ ൦ ൦ ൦	"	൨ ൨ — വ — ൦
൨ ൦ ൦ ൦	"	൩ ൫ ൦ ൦	"	൩ ൦
൩ ൫ ൦ ൦	"	൪ ൦ ൦ ൦	"	൩ ൪
൪ ൦ ൦ ൦	"	൭ ൦ ൦ ൦	"	൭ ൦
൭ ൦ ൦ ൦	"	൧ ൦ ൦ ൦ ൦	"	൫ ൦

കടവാങ്ങുകളിൽ കാണിച്ചിരിക്കുന്ന വസ്തുവകകൾ പരിശോധിച്ചു വിലനിർണ്ണയിക്കുന്നതിനു താലൂക്കുതോറും ഓരോ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിലേക്കായി മൂന്നു താലൂക്കിനുപരിയായി ഓരോ സൂപ്രവൈസർമാരെ നിയമിച്ചിട്ടുണ്ട്. ൪ ൦ ൦ ൦ രൂപാക്കു മീതെയുള്ള അപേക്ഷയാണെങ്കിൽ വസ്തുവകകൾ പരിശോധിക്കുവാൻ ഒരു ഡയറക്ടർകൂടി പോകേണ്ടതാണ്. വസ്തുക്കളുടെ റിക്കാർഡുകൾ പരിശോധിക്കുവാൻ വിദഗ്ദ്ധന്മാരായ നിയമജ്ഞന്മാരെ കൊച്ചിയുടെ എല്ലാ ഭാഗത്തും നിയമിച്ചിട്ടുണ്ട്. അവർക്കുള്ള ഫീസ് ബാങ്കിൽ നിന്നാണ് കൊടുക്കുന്നത്. വസ്തുക്കളുടെ ഉദ്ദേശം വിലയുടെ ൪ ൦ ശതമാനവും ചില അവസരത്തിൽ ൭ ൫ ശതമാനവും വരെ കടം കൊടുക്കുന്നതാണ് നാലുമാസത്തിനകം സാധാരണയായി കടം കൊടുക്കുവാൻ സാധിക്കുന്നുണ്ട്. കടവാങ്ങുക്കാരന്റെ അനാസ്ഥയായിരിക്കും മിക്ക അവസരങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ലും ഇത്രയും നിണ്ടുപോകുവാൻ കാരണം. കെട്ടിടങ്ങളിൽ ഒരിക്കലും കടം അനുവദിക്കാറില്ല. കടം അപേക്ഷിക്കുന്നതു ബാങ്കിൽനിന്നും കൊടുക്കുന്ന ഒരു പ്രത്യേക ഫാറത്തിലായിരിക്കണം. ബാങ്കിലെ പലിശനിരക്ക് ൧൨ ശതമാനമാകുന്നു. മുതലും പലിശയും കൂടി കൊല്ലത്തിൽ ഒരു ഗഡുവായിട്ട ൨൦ കൊല്ലം കൊണ്ടു മടക്കി അടയ്ക്കേണ്ടതാകുന്നു. കാലാവധിക്കു മുമ്പായി കടം മുഴുവനും അടച്ചുതീർക്കുവാൻ അനുവാദമുള്ളതാകുന്നു. ഒരു കൊല്ലത്തിൽ അടച്ചുതീക്കേണ്ട സംഖ്യ പല ഗഡുവുകളായി ആ കൊല്ലത്തിൽത്തന്നെ അടയ്ക്കുവുന്നതാകുന്നു. സംഖ്യ അടയ്ക്കാതെ ഒരു കൊല്ലം മടക്കം വരുത്തിയാൽ പിരിഞ്ഞു കിട്ടേണ്ട സംഖ്യയ്ക്ക് വസ്തുവിലുള്ള വിളവുകളും വസ്തുതന്നെയും ലേലം ചെയ്തു സംഖ്യ വസൂലാക്കാവുന്നതാകുന്നു. ബാങ്കിനു ഇത്രയും അധികം അധികാരം ഉണ്ടായിട്ടും ഈ പതിനഞ്ചു കൊല്ലത്തിനിടയ്ക്ക് ആരുടേയും വസ്തുക്കൾ കടം ഈടാക്കുവാൻ ലേലം ചെയ്യേണ്ടതായി വന്നിട്ടില്ല. ൧൯൩൫ അവസാനംവരെ ൨൩൫൩൦൫ കടവാസ്തുകൾ ബാങ്കിൽനിന്നും കൊടുത്തിട്ടുണ്ട്. അതിൽ ൧൪൦ കടവാസ്തുകൾ മടക്കി അടച്ചിട്ടുണ്ട്. ശേഷം ൨൩൦൫ കടവാസ്തുകളിൽ ൩൩ എണ്ണം മാത്രമെ ൩൦൦ ഉറുപ്പികയ്ക്കു മീതെയുള്ളു. ആകെയുള്ള ൨൩൦൫ കൊച്ചി കണയന്നൂർ താലൂക്കിലും ൩൦ കൊടുങ്ങല്ലൂരും ൨൩൦ മുകുന്ദപുരത്തും ൨൭൫ തൃശ്ശൂരിലും ൨൦൩ ചിറയ്ക്കൽ താലൂക്കിലും ആകുന്നു.

ബാങ്കിന്റെ പ്രവർത്തനം ൧൧ പേരടങ്ങിയ ഒരു ഡയറക്ടർ ബോർഡിൽ സ്ഥിതിചെയ്യുന്നു. ഇതിൽ അഞ്ചുപേർ മെമ്പർമാരാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ശേഷം പേർ ഗവൺമെണ്ടിനാൽ നോമിനേറ്റ ചെയ്യപ്പെട്ടവരും ആണ്. പരസ്പരസഹായസംഘം രജിസ്ട്രാർ അതിലെ ഒരു ഔദ്യോഗിക മെമ്പറാകുന്നു. ബോർഡിന്റെ പ്രസിഡണ്ടിനെ ഗവൺമെണ്ടു നോമിനേറ്റ ചെയ്യുന്നതാണ്.

ബോർഡിൽനിന്നും അഞ്ചുപേരടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതും കടവാസ്തുകൾ അനുവദിക്കാനും തള്ളിക്കളയാനുമുള്ള അധികാരം ഈ കമ്മിറ്റിയിൽ സ്ഥിതി ചെയ്യുന്നതുമാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ രണ്ടുപേരെ ബോർഡ് തെരഞ്ഞെടുക്കുന്നതും പ്രസിഡണ്ടു് വൈസ് പ്രസിഡണ്ടു് പരസ്പരസഹായസംഘം രജിസ്ട്രാർ എന്നിവർ ഈ കമ്മിറ്റിയിലെ മറ്റംഗങ്ങളുമായിരിക്കും.

രേണസൗകര്യത്തിനും ജനങ്ങളുടെ ആവശ്യത്തിനും വേണ്ടിയാണ് ഇന്നു കുന്നത്തുനാടു് പറവൂർ എന്നീ താലൂക്കുകൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. പറവൂർ കുന്നത്തുനാടു് എന്നീ താലൂക്കു് നിവാസികളുടെ വസ്തുക്കൾ ആദ്യത്തെ കൊച്ചിയിൽ സ്ഥിതിചെയ്യുന്നുണ്ടു്. ഒരേ ഡിസ്ട്രിക്ടിൽതന്നെ പല വിധത്തിലുള്ള നിയമം ഉണ്ടാക്കുകയെന്നതു് ഒരിക്കലും ആശാസ്യമല്ല. അങ്ങനെയുള്ള വിഷമങ്ങളെ പരിഹരിക്കുവാനാണ് ഈ ബാങ്കിന്റെ പ്രവർത്തനം മറ്റു രണ്ടു താലൂക്കിലേക്കും വ്യാപിപ്പിക്കണമെന്നാവശ്യപ്പെടുന്നതു്. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് പണസംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഗവൺമെണ്ടിനുണ്ടായിത്തീരുന്നതല്ല. ബാങ്ക് ൪ ശതമാനത്തിനു ഡിബഞ്ചർ കടപ്പത്രമെടുത്തു് ൬ ശതമാനം പലിശയ്ക്കു് കടക്കാർക്കു് കൊടുക്കുന്നതിൽനിന്നും ഉണ്ടാകുന്ന ലാഭംകൊണ്ടാണ് ബാങ്ക് നടത്തിപ്പോരുന്നതു്. ബാങ്കിൽനിന്നും കൊടുത്ത കടവാസ്തുകളിൽ ൨൦ ലക്ഷം ഉറുപ്പികയോളം ഇപ്പോൾ നിലവിലുണ്ട്. ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ലാഭത്തിലാണ്. കൊല്ലത്തിൽ ഉദ്ദേശം ൩൦൦൦ ഉറുപ്പികയോളം ലാഭമുണ്ടെന്നാണ്, ബാങ്കിന്റെ റിപ്പോർട്ടിൽനിന്നും മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

[Sri. K I Velayudhan]

ലാക്കുവാൻ സാധിക്കുന്നതു". ലാഭം ഏതു വിധത്തിലാണു് ഉപയോഗപ്പെട്ടത്തേണ്ടതെന്നു് ഉപവകുപ്പു് ഒന്നാം ക്ലോസ്സിൽ പറയുന്നുണ്ടു്.

(ഫ) ഡ ശതമാനത്തിൽ കുറയാതെ കരുതൽഫണ്ടിന്റെ വകയിലേക്കു് നീക്കണം.

(ഡ) ബാക്കിയുള്ളതിൽനിന്നു ഒ ശതമാനത്തിൽ കവിയാതെ ഓരോ ഓഹരിയുടേയും അടച്ചുതീർത്തിട്ടുള്ള സംഖ്യയിന്മേൽ മെമ്പറന്മാക്കു് ഒരു ഡിവിഡണ്ടു് ഓരോരുത്തരും അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനത്തിനും അങ്ങനെ അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനം ഓരോരുത്തരുടേയും വകയായി ആ കൊല്ലത്തിൽ ഇരുന്നിട്ടുള്ള കാലത്തിനും അനുപാതികമായി കൊടുക്കാവുന്നതാകുന്നു. ബാങ്കിൽനിന്നും അധികം ലോൺ കൊടുത്തിരിക്കുന്നതു് കൊച്ചി–കണയന്നൂർ താലൂക്കിൽനിന്നും മുകുന്ദപുരം താലൂക്കിൽനിന്നുമാകുന്നു. മേൽപ്പറഞ്ഞ രണ്ടു താലൂക്കുകളോടു ചേർന്നുകിടക്കുന്ന പറവൂർ കുന്നത്തുനാടു് താലൂക്കനിവാസികൾക്കു് അവരുടെ കടം വീട്ടുവാൻ സൗകര്യം ചെയ്തുകൊടുക്കുക ആവശ്യമാണല്ലോ.

സംയോജനം കഴിഞ്ഞയുടനെതന്നെ കേരളഗവൺമെണ്ടു് ടേബ്യിം ഗ്രൂപ്പു് ഈ രണ്ടു താലൂക്കിലേക്കു് ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കണമെന്നു ശുപാർശ ചെയ്തിരുന്നുവായി. ഗവൺമെണ്ടു് ഈ ശുപാർശ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ഇതിനു വേണ്ട നിയമനിർമ്മാണത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ബാങ്കു് ഡയറക്ടർ ബോർഡിനോടു് ഗവൺമെണ്ടു് ആവശ്യപ്പെട്ടുകയും ബോർഡു് നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണു്. എന്നാൽ ഇൻഡ്യാ ഗവൺമെണ്ടിന്റെ റൂറൽ ബാങ്കിംഗു് എൻക്വയറി കമ്മറ്റി റിപ്പോർട്ടു് കിട്ടുന്നതുവരെ ഒന്നും ചെയ്യേണ്ടതില്ലെന്നു ബാങ്കിനു ഒരു ഓർഡർ കിട്ടുകയാണുണ്ടായതു്. തിരുവിതാംകൂറിനും കൊച്ചിക്കും ഒരുമിച്ചുള്ള ഒരു നിയമമാണുണ്ടാക്കുവാൻ പോകുന്നതെങ്കിൽ ഗവൺമെണ്ടിന്റെ ഈ ഓർഡർ ശരിയാകുമായിരുന്നു. പക്ഷേ ഒരു താലൂക്കിൽ നിലവിലുള്ള നിയമത്തിൽതന്നെ എന്തെങ്കിലും ഉണ്ടെങ്കിൽ അതു തിരുത്തുവാൻ ഗവൺമെണ്ടിനു സാധിക്കുന്നതാണു്. കേന്ദ്ര ഗവൺമെണ്ടിന്റെ അപാകതയിലുള്ള ഒരു നയം നടപ്പിലാകുന്നതുവരെ അതിനു കാത്തിരിക്കേണ്ടയാവശ്യമില്ലെന്നതന്നെ.

ബാങ്കിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനം നോക്കുകയാണെങ്കിൽ ഈ രാജ്യം മുഴുവൻ വ്യാപകമാകത്തക്കവിധത്തിൽ ഇതിന്റെ പ്രവർത്തനത്തെ വിപുലീകരിക്കേണ്ടതാണെന്നു ഗവൺമെണ്ടിനു മനസ്സിലാകുന്നതാണു്. അങ്ങനെയുള്ള ഒരു ഭാവി ഈ ബാങ്കിനുണ്ടായിവരട്ടെയെന്നും താനിവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി നിയമമാക്കി പ്രവർത്തിരൂപത്തിൽ ആയിത്തീരട്ടെയെന്നും ഉള്ള വിശ്വാസത്തിൽ ഞാൻ ഈ ബില്ലു് ബഹുമാനപ്പെട്ട സഭാമുമ്പാകെ അവതരിപ്പിച്ചുകൊള്ളട്ടെ.

Mr. Speaker: Order, Order. Rules contemplate only a brief statement. No lengthy statement is necessary or allowable.

Sri. A. Thanu Pillai: Even at the risk of an interruption. I may say one thing sir, ഈ ഭേദഗതി ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായത്തിനു വയ്ക്കണമെന്നു ഞാൻ വിചാരിക്കുന്നു. ലൗഡ് സ്പീക്കർ കുറെയെണ്ണമെങ്കിലും വാങ്ങി ബാക്ക് ബെഞ്ചിലും ഫ്രണ്ടുബെഞ്ചിലും വച്ചാൽ കൊള്ളാം. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നതിൽ ചില വാക്കുകൾ മാത്രമെ എനിക്കു കേൾക്കാൻ കഴിയുന്നുള്ളു. അദ്ദേഹം പ്രസംഗിക്കുന്നതു മുഴുവൻ ശരിയായി മനസ്സിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നില്ല. അതുകൊണ്ട് ഈ രണ്ടുഭാഗത്തും ഉള്ളവർക്ക് ഉപയോഗപ്പെടത്തക്കവണ്ണം ലൗഡ് സ്പീക്കർ വയ്ക്കുവാനുള്ള ഏർപ്പാട് ചെയ്യാൽ കൊള്ളാം.

Mr. Speaker: That is a matter for consideration. But in view of the circumstance that the number of members is likely to be reduced to about five ninth of the present member, I think it is better that this matter is taken up for decision some time hence.

Anyway, the Rules do not allow a lengthy speech at all.

ശ്രീ. കെ. ഐ. വേലായുധൻ: സർ, ആദ്യകാലത്തു അതായത് ഫ്രഫ്രമിനു ശേഷം. . . .

Mr. Speaker: The member may give the substance of what he has to say. Details may be gone into later on when occasion arises.

ശ്രീ. കെ. ഐ. വേലായുധൻ: അതുപോലെതന്നെ ഇതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇന്നത്തെ നിലയിൽ കുഴിക്കാക്കട്ടെ . . . .

Sri. M. I. Paul: On a point of order, Sir. Rule 29 says that "if the Speaker is of opinion that the matter proposed to be discussed is in order, he shall read the statement to the Assembly and ask whether the member has the leave of the Assembly". The Speaker, after permitting to make the statement. . . .

Mr. Speaker. Order, order. The Hon'ble member is wrongly quoting Rule 29 which relates to the disposal of adjournment motions, probably being unaware of the circumstance that the House is now at legislative business concerning the introduction of a Bill.

Sri. P. Balakrishnan Tampi: Sir, under Standing Order 49, I am afraid no Committee on Petitions has been announced by the Speaker. Bills are coming up and they are likely to be introduced.

Mr. Speaker: Yes. A Committee on Petitions will be constituted.

ശ്രീ. കെ. ഐ. വേലായുധൻ: ഒ ഒ ഒ ഒത്തിനും ഫ ഒ ഒ ഒ ഒത്തിനും മദ്ധ്യേയുള്ള ഇടപാടുകളും ഈ ബാങ്കിൽനിന്നും കുഴിക്കാക്കട്ടെ . . . .

Mr. Speaker: The member will conclude his speach. No further time is allowed.

ശ്രീ. കെ. ഐ. വേലായുധൻ: ഒരുമിനിട്ട് കൂടി അനുവദിക്കണം. ചിറവർ താലൂക്കിന്റെ തെക്കുഭാഗത്തുള്ള കൊച്ചി–കണയന്നൂർ, കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നു റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാം.

Mr. Speakeri Does the member desire to introduce the Bill without further speech? If he so desires he can ask for leave.

ശ്രീ. കെ. ഐ. വേലായുധൻ: ഈവക കായ്ക്കളെ സംബന്ധിച്ചു വേണ്ട സംരക്ഷണം ചെയ്യാൽ കൊള്ളാമെന്നാണ് എനിക്ക് ഈ ബില്ലിനെ സംബന്ധിച്ചു പറയുവാനുള്ളത്.

ശ്രീ. സി. വി. ഇയ്യു: ഞാൻ ഈ ബില്ലിനെ എതുക്കുന്നു. എന്താണതിനു കാരണമെന്നുവെച്ചാൽ, ഇപ്പോൾ കൊച്ചിയിൽ ആ ബാങ്കിന്റെ പ്രവർത്തനം ഇതുവരേയും മംഗിയായി നടന്നുപോരുന്നുണ്ട്. അതോടുകൂടി തിരുവിതാംകൂറിലെ ഒന്നുരണ്ടു താലൂക്കുകളെ ചേർത്താൽ ആകെപ്പാടെ അതിന്റെ പ്രവർത്തനം തകരാറിലാകുമെന്നുള്ളതുകൊണ്ടാണ്. തന്നെയുമല്ല, അടുത്ത തെരഞ്ഞെടുപ്പു കഴിയുമ്പോൾ തിരുവിതാംകൂർ നിയമസഭയിൽ തിരുവിതാംകൂർകാരുടെ മഹാ വ

LIBRARY ARCHIVES Kerala Legislative Assembly

[Sri. C. V. Iyyu]

ലിയ ഭൂരിപക്ഷബലംകൂടിയായിരിക്കും. പഴയ തിരുവിതാംകൂറിൽ ഉൾപ്പെട്ട പ്രദേശമാണ് കൊച്ചിയോടടുത്തുകിടക്കുന്ന കുന്നത്തുനാട്, പറവൂർ എന്നീ താലൂക്കുകൾ. അതുകൊണ്ട് അവിടെയുള്ളവർ കൂടുതലായും തിരുവിതാംകൂറിലെ ചിത്ത സംപ്രദായങ്ങൾ പഠിച്ചിട്ടുള്ളവരാണ്. കൊച്ചിയുടെ വടക്കേ അറ്റത്തായിട്ടാണ് ഈ ബാങ്ക് നിലകൊള്ളുന്നത്. ഇപ്പോൾ ലക്ഷക്കണക്കിനു രൂപാ കൊടുത്തും തിരിച്ചു മേടിച്ചും കൊണ്ടിരിക്കുന്നുണ്ട്. ഈ രണ്ടു താലൂക്കുകളുംകൂടി പെടുത്തിയാൽ പിന്നെ മേടിച്ചാൽ കൊടുക്കേണ്ടയാവശ്യമില്ലെന്നും വരും. ന്യായമായി ൧൦൦൦൦ രൂപാ കൊടുക്കണമെന്നുണ്ടെങ്കിൽ ൪൦൦൦ രൂപായെ ഇപ്പോൾ കൊടുത്തുവരുന്നുള്ളൂ. അതു തിരിച്ചു കിട്ടുന്നതുണ്ട്. അതുകൊണ്ട് ഈ രണ്ടു താലൂക്കുകളും കൂടി പെടുത്തിയാൽ കൊച്ചിക്കാക്ക് രക്ഷയില്ല. പിന്നെ ഒന്നുകൂടി പറയാനുള്ളതു് വല്ല കാലത്തും കൊച്ചി മദിരാശിയോടു് ചേരുമ്പോൾ ഇപ്പോൾ രണ്ടു താലൂക്കുകളും കൂടി ബാങ്കിന്റെ പ്രവർത്തനം കലങ്ങിക്കഴിഞ്ഞാൽ പിന്നെ അതു തിരിച്ചെടുക്കുവാനും പ്രയാസമാകും. അതുകൊണ്ട് ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ രാജ്യത്തു നല്ല നിലയിൽ നടക്കുന്നതും കൃഷിക്കാക്ക് വളരെ പ്രയോജനമുള്ളതും നൂറുശതമാനം പലിശയ്ക്കു് ഡിബെഞ്ചർ നൽകിവരുന്നതും, സർ. ആർ. കെ. ഷൺമുഖം ചെട്ടിയുടെ ധനകാര്യ വിദഗ്ദ്ധ പ്രതിഭയനുസരിച്ചു പ്രവർത്തനംചെയ്തു തുടങ്ങിയതുമായ ഈ ഒരു സ്ഥാപനം ഇല്ലാതാക്കുവാനുള്ള ഒരു പരിഷ്കാരമാണ് ഈ ബില്ല്. അതുകൊണ്ട് ഇതു സ്വീകരിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളതു്. കൊച്ചിരാജ്യം വിൽക്കാൻ പങ്കുകൂടിയ അംഗങ്ങളിലെ ഒരാളാണ് ഈ ബില്ലിന്റെ അവതാരകൻ.

The motion that leave be granted for introducing the Billwas put to vote and carried

ശ്രീ. കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നു

Mr. Speaker: Further stages of the Bill will be had after publication.

The House adjourned for lunch at 12-30 p.m. and reassembled at 2-30 p.m. with Mr. Deputy Speaker in the Chair.

The City Municipal Act (Amendment) Bill

Sri. C. V. Iyyu: I beg leave to introduce the City Municipal Act (Amendment) Bill, 1950.

Minister for Industries, Excise and Local Self Government

(Sri. N. Kunjuraman:) Sir, I oppose it.

Sri. C. V. Iyyu: The statement of objects and reasons clearly shows why this amendment has been necessitated. In Section 97 Clause (c) of the City Municipal Act, the words "buildings used for educational purposes including hostels" shall be substituted for the words "school for the deaf and dumb" where the words occur. I have not heard of any Municipality which assesses educational institutions for property tax to meet the financial needs of the Municipalities—Somehow or other it exists in the City Corporation of Trivandrum. In the District Muncipalities Act of Travancore as well as in the Municipal Act of erstwhile Cochin State such a Section does not occur. Outside our State, Municipalities and Corporations not only exempt schools from the payment of property tax but also gives liberal grant s

LIBRARY ARCHIVES Kerala Legislative Assembly